നവജ്യോതി

LIGHTED TO ENLIGHTEN

Volume:4, Issue:1

നമ്മുടെ കോളേജിന്റെ വാർത്താജാലകം

ജൂൺ 30 വെള്ളി 2023

നവജ്യോതിക്ക് പുത്തൻ സാരഥി

അതുൽ കെ.ആർ

പുതിയ അദ്ധ്യായന വർഷത്തിൽ നവജ്യോതി കോളേജിന്റെ പ്രിൻസിപ്പാൾ സ്ഥാനത്തേക്ക് സാരഥിയായി ഡോ. കെ. കെ സോമശേഖരൻ. സ്ഥാനം ഒഴിഞ്ഞ ഡോ. അരവിന്ദൻ എമ്മിന് പകരമായിട്ടാണ് ഡോ. കെ. കെ സോമശേഖരൻ സ്ഥാനം ഏറ്റെടുത്തത്.

ജൂൺ ഒന്നിന് സ്ഥാനമേറ്റെടുത്ത ഡോ. കെ. കെ സോമശേഖരന് ഓറിയന്റേഷൻ ചടങ്ങിൽ കോളേജ് ചെയർമാൻ ആൽബർട്ട് സജി പുഷ്പങ്ങൾ നൽകി സ്വീകരിച്ചു. തന്റെ സൗമ്യമായ പെരുമാറ്റത്താലും

ഡോ. കെ. കെ സോമശേഖരൻ

കൃത്യനിർവഹണത്താലും വിദ്യാർത്ഥികൾക്കിടയിലും അധ്യാപകർക്കിടയിലും മികച്ച അഭിപ്രായവും സ്ഥാനവും നേടിയെടുക്കാൻ ഈ അധ്യാപകന് കഴിഞ്ഞു.

വളരെ എളിമയോടും സൗമ്യതയോടും കൂടിയ പെരുമാറ്റത്താൽ വിദ്യാർത്ഥികളെയും അധ്യാപകരെയും ഒരുപോലെ ഇഷ്ടപ്പെടുന്ന സ്വഭാവ സവിശേഷതയുള്ള വ്യക്തിയാണ് ഡോ. കെ. കെ സോമശേഖരൻ. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മറ്റു സ്വാശ്രയ കോളേജുകളെ അപേക്ഷിച്ച് വളരെ ദൂരം മുന്നിട്ട് നിൽക്കുന്ന നവജ്യോതി കോളേജിന് തന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുള്ള വഴികളിൽ കരുത്താകുമെന്ന പ്രതീക്ഷയിലാണ് ഇപ്പോൾ അദ്ദേഹം.

തുടങ്ങാം പുതിയ അധ്യായന വർഷം

ഓറിയന്റേഷൻ പ്രോഗ്രാം കോളേജ് പ്രിൻസിപ്പാൾ ഉദ്ഘാടനം ചെയ്യുന്നു.

റിലൻ ജോയ്

നവജ്യോതി കോളേജിൽ പുതിയ അധ്യായന വർഷത്തോടനുബന്ധിച്ച് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

ജൂൺ 1 രാവിലെ 10:30 ന് ആരംഭിച്ച പരിപാടിയിൽ കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ സ്വാഗത പ്രസംഗം നടത്തി. കോളേജ് മാനേജർ ഫാ. ജോൺ കൊച്ചുപുരയ്ക്കൽ അധ്യക്ഷസ്ഥാനം അലങ്കരിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. കെ. കെ സോമശേഖരൻ ഉദ്ഘാടനം നിർവഹിച്ചു. കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ പുതിയ കോഴ്സുകളായ ബികോം വിത്ത് ലോജിസ്റ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ബി എ ഇംഗ്ലീഷ് വിത്ത് ഡാറ്റ അനലിറ്റിക്സ്, ബി എ എക്കണോമിക്സ് വിത്ത് ഡിജിറ്റൽ മാർക്കറ്റിംഗ്, ബിസിഎ വിത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിബിഎ വിത്ത് സി എം എ, ബി എസ് ഡബ്ലിയു, ബി എസ് സി സൈക്കോളജി മുതലായ കോഴ്സുകളെക്കുറിച്ച് പരിചയപ്പെടുത്തി.

കോമേഴ്സ് വിഭാഗം അസി. പ്രൊഫസ്സർ എബി ജോസ് പി, കോളേജ് ചെയർമാൻ ആൽബർട്ട് സജി എന്നിവർ ആശംസ അറിയിച്ചു സംസാരിച്ചു. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി ആൽഡ്രിന്റെ നന്ദി പ്രസംഗത്തോടെ പരിപാടി സമാപിച്ചു.

സെമസ്റ്റർ ഓറിയന്റേഷനുമായി വിവിധ ഡിപ്പാർട്ട്മെന്റുകൾ

ആദർശ് മാത്യു

പുതിയ അധ്യായന വർഷത്തോടനുബന്ധിച്ച് ഡിപ്പാർട്ട്മെൻറ് തലത്തിൽ സെമസ്റ്റർ ഓറിയന്റേഷൻ ക്ലാസുകൾ നടത്തി. വിദ്യാർത്ഥികളിൽ നവയുത്വത്തിന്റെ ഊർജ്ജം പകരാനും സെമസ്റ്ററിനെ കുറിച്ച് കുട്ടികൾക്ക് അവബോധം നൽകാനും വേണ്ടിയാണ് ക്ലാസുകൾ സംഘടിപ്പിക്കപ്പെട്ടത്. നവജ്യോതി കോളേജ് പ്രിൻസിപ്പൽ ഡോ. കെ. കെ സോമശേഖരൻ എല്ലാ വിദ്യാർത്ഥിക ളെയും അഭിസംബോധന ചെയ്ത് സംസാരിച്ചു.

02/06/2023 ന് BBA ഡിപ്പാർട്ട്മെന്റിൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് തലവനായ ഷിജോ ജോസ് കുട്ടികൾക്ക് ക്ലാസ് നൽകി. 05/06/2023 ന് ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിൽ ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. ഡിപ്പാർട്ട്മെൻറ് ഹെഡ് ജോമി ജോർജ് സ്വാഗതം പറഞ്ഞ ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. കെ. കെ സോമശേഖരൻ കുട്ടികളുമായി സംവദിച്ചു .

06/06/2023 ന് ബിസിഎ ഡിപ്പാർട്ട്മെൻറ് ഓറിയന്റേഷൻ പ്രോഗ്രാം ഡിപ്പാർട്ട്മെന്റ് ഹെഡ് ആനി എം. സുഫലാമ്മയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. മറ്റു ടീച്ചേഴ്സ് അവരുടെ സബ് ജക്ടിനെ പ്രാധാന്യം കുട്ടികൾക്ക് പകർന്നു കൊടുത്തു. 08/06/2023 വ്യാഴാഴ്ചയാണ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെൻറ് ഓറിയന്റേഷൻ പ്രോഗ്രാം നടന്നത്. മൂന്നാം വർഷ ഡിഗ്രിക്കാർക്ക് രാവിലെയും രണ്ടാം വർഷ ഡിഗ്രിക്കാർക്ക് ഉച്ചകഴിഞ്ഞുമാണ് പ്രോഗ്രാം നടത്തിയത്. ഡോക്ടർ കെ. കെ സോമശേഖരൻ അധ്യക്ഷ പ്രസംഗം നടത്തി. ഫാ. സിജോയ് പോൾ കുട്ടികളോട് സെമസ്റ്ററിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. മറ്റു ടീച്ചേഴ്സ് അവരുടെ വിഷയങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തി.

ബികോം ഫിനാൻസ്, കോർപ്പറേഷൻ, സിഎ, എന്നീ വിഭാഗങ്ങൾ ഒരുമിച്ച് ചേർന്നായിരുന്നു കോമേഴ്സ് ഡിപ്പാർട്ട്മെന്റ് തല ഓറിയന്റേഷൻ പ്രോഗ്രാം നടത്തിയത്. കോമേഴ്സ് ഡിപ്പാർട്ട്മെൻറ് തലവൻ മാത്യു എം ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ഇന്റർ സ്കൂൾ ക്വിസ് മത്സരം നടത്തി

ഇന്റർ സ്കൂൾ ക്വിസ് മത്സരം അധ്യാപിക നീതു തങ്കച്ചൻ നടത്തുന്നു.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇന്റർ സ്കൂൾ ക്വിസ് മത്സരം നടത്തപ്പെട്ടു. ജൂൺ പന്ത്രണ്ടാം തീയതി നടത്തപ്പെട്ട പരിപാടിയിൽ വിവിധ സ്കൂളുകളിൽ നിന്നായി 11 ടീമുകൾ മത്സരിച്ചു. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അധ്യാപിക നീതു തങ്കച്ചൻ പരിപാടിക്ക് നേതൃത്വം വഹിച്ചു. വിവിധ റൗണ്ടുകളിലായി നടന്ന മത്സരത്തിൽ ഒന്നാം സമ്മാനം സെന്റ് ജോൺസ് പാലാവയലും രണ്ടാം സമ്മാനം സെന്റ് മേരിസ് ചെറുപുഴയും മൂന്നാം സ്ഥാനം ജിഎച്ച്എസ് പെരിങ്ങോം ഹയർ സെക്കന്ററി സ്കൂളും കരസ്ഥമാക്കി. എല്ലാവർക്കും സമ്മാനം ഉറപ്പാക്കിയ മത്സരത്തിൽ എല്ലാ കുട്ടികളും കൈ നിറയെ സമ്മാനവുമായി ആണ് മടങ്ങിയത്.

ചെറുപുഴ ടൗൺ ശുചീകരിച്ച് എൻഎസ് എസ് വാളന്റിയേഴ്സ്

ചെറുപുഴ ടൗൺ ശുചീകരിച്ച എൻഎസ്എസ് വാളന്റിയേഴ്സ്

പകർച്ചവ്യാധി വ്യാപിക്കുന്ന സാഹചര്യത്തിൽ ചെറുപുഴ ടൗൺ ശുചീകരിച്ച് എൻഎസ്എസ് വാളന്റിയേഴ്സ്. നവജ്യോതി കോളേജ് എൻഎസ്എസ് യൂണിറ്റ് NO.56 ന്റെ ആഭിമുഖ്യത്തിൽ ചെറുപുഴ പഞ്ചായത്തിന്റെ സഹകരണത്തോടെ ചെറുപുഴ ടൗണിലെ മാലിന്യങ്ങൾ ശേഖരിച്ചു. പഞ്ചായത്ത് അംഗം കെ. കെ ജോയ് ഉദ്ഘാടനം നിർവഹിച്ചു. നവജ്യോതി കോളേജ് ഡയറക്ടർ ഫാ. സിജോയ് പോളിന്റെ നേതൃത്വത്തിൽ വിജയകരമായി ദൗത്യം പൂർത്തീകരിച്ചു.

ക്രിമിനൽ കേസ് ഡയറി കുറ്റാന്വേഷണ മത്സരം നടത്തി

സുഭഗ സുഭാഷ്

നവജ്യോതി കോളേജ് ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്രിമിനൽ കേസ് ഡയറി മത്സരം സംഘടിപ്പിച്ചു. ജൂൺ 23 ഉച്ചയ്ക്ക് രണ്ട് മണിയോടുകൂടി സെമിനാർ ഹാളിൽ ആയിരുന്നു പരിപാടിയുടെ തുടക്കം. ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ കൺവീനർ ഫാ.ജോസ് താമരക്കാട്ട് പരിപാടിക്ക് നേതൃത്വം വഹിച്ചു. ഒരോ ക്ലാസിൽ നിന്നും രണ്ട് പേരടങ്ങുന്ന ടീമാണ് മത്സരിച്ചത്.

ഒന്നാം സ്ഥാനം നേടിയ ക്രിസ്റ്റി സി.ജെ, വൈശാലി രവീന്ദ്രൻ

വിഷയ അടിസ്ഥാനത്തിൽ എട്ടു റൗണ്ടുകളോടു കൂടിയായിരുന്നു മത്സരം . മത്സരത്തിൽ രണ്ടാം വർഷ ബി എ ഇക്കണോമിക്സ് വിദ്യാർത്ഥികളായ ക്രിസ്റ്റി സി ജെ വൈശാലി രവീന്ദ്രൻ എന്നിവർ ഒന്നാം സ്ഥാനം നേടി. രണ്ടാം വർഷ ബികോം കോർപ്പറേഷൻ വിദ്യാർത്ഥികളായ അഞ്ജന, സോന എന്നിവർ രണ്ടാം സ്ഥാനം നേടി. മൂന്നാം വർഷ ബി എ ഇംഗ്ലീഷ് വിദ്യാർത്ഥികളായ അനഘ, സൂര്യ എന്നിവർ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ക്രിമിനൽ കേസ് ഡയറി സ്പെഷ്യൽ അന്വേഷണ അവാർഡ് രണ്ടാം വർഷ ബി ബി എ വിദ്യാർത്ഥികളായ നോയൽ, എമിൽ എന്നിവർ സ്വന്തമാക്കി.

എഡിറ്റോറിയൽ

ജീവിക്കാം പ്രകൃതിയെ നോവിക്കാതെ

ഓരോ വ്യക്തിയും പരിസ്ഥിതിയുടെ കാവലാളാണെന്ന തിരിച്ചറിവ് ലോകം കൈകോർത്ത് സ്വീകരിക്കുന്ന ദിനമാണ് ലോക പരിസ്ഥിതി ദിനം. ഈ ബോധ്യം തന്നെയാണ് ഭൂമിക്കായി ഈ പരിസ്ഥിതി ദിനത്തിൽ നാം സമർപ്പിക്കുന്ന ഹരിത പ്രാർത്ഥന.

എക്കാലത്തേക്കും എല്ലാവർക്കുമായി ഈ ഭൂമിയെ കരുതണമെങ്കിൽ ആ വീടിനെ വരും തലമുറകൾക്ക് വേണ്ടി ഭദ്രമായി പരിരക്ഷിക്കേണ്ട ചുമതല കൂടി നമുക്കുണ്ട്. ഏകദേശം 41415 തരം ജീവജാലങ്ങൾ കടുത്ത വംശനാശഭീഷണി നേരിടുമ്പോൾ പ്രതിവർഷം 1500 കോടി മരങ്ങൾ വെട്ടി നശിപ്പിക്കപ്പെടുമ്പോൾ ഓരോ മിനിറ്റിലും ലോകത്തിലെ അമ്പതിലധികം ഏക്കർ വനം മനുഷ്യന്റെ കൈകൊണ്ട് നാമാവശേഷമാകുമ്പോൾ പരിസ്ഥിതിയുടെ സംരക്ഷണം ലോകത്തിന്റെ മുന്നിലുള്ള ഏറ്റവും അടിയന്തര പ്രശ്നമായി മാറുന്നു.

നാം ഉണ്ടാക്കുന്ന മൊത്തം മാലിന്യങ്ങളുടെ 10% പ്ലാസ്റ്റിക്കാണ്. അതുകൊണ്ടുതന്നെയാവണം 'പ്ലാസ്റ്റിക് മാലിന്യത്തെ പ്രതിരോധിക്കാം' എന്നത് ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശമായത്. ഐക്യരാഷ്ട്ര സംഘടന പരിസ്ഥിതി പദ്ധതിയിൽ ഇന്ത്യയാണ് ഇത്തവണ ദിനാചരണത്തിന് നേതൃത്വം നൽകുന്നത്.

കഴിഞ്ഞ മൂന്നര പതിറ്റാണ്ടിനിടെ കേരളീയരുടെ ജീവിതത്തിൽ ഒഴിവാക്കാൻ ആവാത്ത വിധം ഒട്ടിച്ചേർന്നുപോയ വസ്തുവാണ് പ്ലാസ്റ്റിക്. ജലപ്രതിരോധശേഷി, ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കാനുള്ള സൗകര്യം, വിലക്കുറവും ബലമുള്ളതുമായ പാക്കിങ്ങ് വസ്തു തുടങ്ങിയ ഘടകങ്ങൾ പ്ലാസ്റ്റിക്കിനെ വ്യവസായരംഗത്തും നിത്യോപയോഗരംഗത്തും ആകർഷക ഘടകമാക്കി മാറ്റി. പക്ഷേ ഉപയോഗം വർദ്ധിക്കുന്നതോടൊപ്പം പ്ലാസ്റ്റിക് മാലിന്യങ്ങൾ കുമിഞ്ഞുകൂടിയുള്ള പരിസ്ഥിതി നാശത്തിന്റെ ഭീതിതമായ അളവും വർദ്ധിച്ചു.

പ്ലാസ്റ്റിക് പൂർണ്ണമായും ഉപേക്ഷിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ പറ്റില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ കരുതലോടെയുള്ള പരിമിത ഉപയോഗം വഴി പ്രകൃതിക്കുണ്ടാകുന്ന ആഘാതം കുറയ്ക്കാൻ നമുക്ക് കഴിയും. പല തദ്ദേശസ്ഥാപനങ്ങളും ഇപ്പോൾതന്നെ പ്ലാസ്റ്റിക്കിനോട് കഴിയുന്ന വിധം പടപ്പൊരുതുന്നുണ്ട്.

നിയമത്തിലൂടെ അല്ല ശീലത്തിലൂടെ നിരോധിച്ചാലെ പ്ലാസ്റ്റിക് നിരോധനം ഫലപ്രദമാകൂ. നമ്മുടെ സുന്ദരമായ ഈ ഭൂമിയാണ് മനുഷ്യൻ അധിവസിക്കുന്ന ഏക ഗ്രഹം. അതിനാൽ മനുഷ്യവാസത്തിനുള്ള വിഭവങ്ങൾ എല്ലാം പ്രകൃതി ഇതിൽ ഒരുക്കിയിട്ടുണ്ട്. നാശത്തിന്റെ പാരമ്യത്തിലെത്തിയ നമ്മുടെ ഭൂമിയെ കരുതലോടെ സംരക്ഷിക്കണം. നമ്മുടെ ഹരിത ഭൂമി ഹരിതമായി തന്നെ നിലനിൽക്കട്ടെ. പ്രാണവായു നഷ്ടമാകാതിരിക്കട്ടെ.

- എഡിറ്റർ

നവജ്യോതിയുടെ പുതിയ കരുത്ത്

മുഹമ്മദ് മിൻഹാജ്

1961 മെയ് 25 ന് കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലാണ് ഡോ.കെ. കെ സോമശേഖരൻ ജനിച്ചത്. തന്റെ ബാല്യവും യൗവ്വനവും പയ്യന്നൂരിൽ തന്നെയായിരുന്നു. നാലാം ക്ലാസ്സുവരെ പയ്യന്നൂർ ബി എം എൽ പി സ്കൂളിലും ശേഷം ഗവണ്മെന്റ് ഹൈസ്കൂൾ പയ്യന്നൂരിലും പഠിച്ചു. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ശേഷം മംഗളൂരിൽ പ്രീ യൂണിവേഴ്സിറ്റി കോഴ്സ് പൂർത്തിയാക്കി. ബിരുദവും ബിരുദാനന്തര ബിരുദവും ഭുവനേന്ദ്ര കോളേജിലും തുടർന്ന് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സ്റ്റഡീസിൽ ഡോക്ടറേറ്റും സ്വന്തമാക്കി. ഇളേരി ഗവണ്മെന്റ് കോളേജിൽ തന്റെ അധ്യാപന ജീവിതം ആരംഭിച്ചു. പിന്നീട് കൃഷ്ണ മേനോൻ മെമ്മോറിയൽ വിമൻസ് കോളേജിൽ അധ്യാപകനായും ഇക്കണോമിക്സ് വിഭാഗം തലവനായും, പ്രിൻസിപ്പാളായും യോഗ്യമായ പദവികൾ നിർവഹിച്ചു. ഗവണ്മെന്റ് അധ്യാപനത്തിൽ നിന്ന് വിരമിച്ചതിനു ശേഷവും അദ്ദേഹം വിശ്രമമില്ലാതെ അധ്വാനിക്കുകയാണ്. അധ്യാപന ജീവിതത്തിൽ വാർഡനായും, ഇക്കണോമിക്സ് വിഭാഗം തലവനായും ഉത്തര വാദിത്വം നിറഞ്ഞ കർത്തവ്യങ്ങൾക്കൊടുവിലാണ് നവജ്യോതി ക്യാമ്പസിന്റെ പുതിയ ഭരണാധികാര സ്ഥാനം ഏറ്റെടുത്തത്. പയ്യന്നൂരിൽ നിന്നു മുള്ള യാത്ര എന്നും രാവിലെ ആനവണ്ടിയിലാക്കുന്നത് മലയോരത്തിനെ കൺകുളിർക്കെ കാണണമെന്ന ആഗ്രഹത്താലാണ്. ക്യാമ്പസ്സ് അന്തരീക്ഷത്തെ പിടിച്ചുനിർത്തുന്ന ഒരു ചെറുപുഞ്ചിരിയോടെയാണ് അദ്ദേഹം കോളേജിലേക്ക് എത്തുക. വിദ്യാർത്ഥികളോട് പോലും വളരെ സൗമ്യമായ പെരുമാറ്റത്തിലൂടെ ചെറിയ സമയം കൊണ്ട് എല്ലാ മനസ്സുകളിലും അദ്ദേഹത്തിന് ഇടം നേടുവാനായി.

ഡോ.കെ.കെ സോമശേഖരൻ

ഗിഫ്റ്റ് ടു ഗുരു

അധ്യാപകർക്ക് സമ്മാനവുമായി ഫ്ളോറ ക്ലബ് അംഗങ്ങൾ

ഏബൽ ഷാജി

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രിയ അധ്യാപകർക്ക് സമ്മാനവുമായി ഫ്ളോറ ക്ലബ്. ഫ്ളോറ നേച്ചർ ക്ലബ് പ്രിയസാരഥി ഫാ ജോസ് താമരക്കാട്ടിന്റെ നേതൃത്വത്തിലാണ് സമ്മാനം നൽകിയത്. മുള ഉപയോഗിച്ചുള്ള പെൻസ്റ്റാൻഡ് ആണ് സമ്മാനമായി നൽകിയത്. കോളേജിലെ എല്ലാ അധ്യാപകർക്കും പെൻ സ്റ്റാൻഡ് നൽകി. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക എന്ന സന്ദേശവുമായാണ് ഫ്ളോറയുടെ നേതൃത്വത്തിൽ പരിപാടി സംഘടിപ്പിച്ചത്.

അതിമനോഹരമായ വർണ്ണങ്ങളാൽ നി റഞ്ഞ പെൻസ്റ്റാൻഡ് ഫ്ളോറ വോളണ്ടിയേഴ്സ് തന്നെയാണ് അധ്യാപകർക്ക് നൽകിയത്.

സ്റ്റാറ്റസ് മാർച്ച്

ഏബൽ ഷാജി

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നവജ്യോതി കോളേജ് ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്റ്റാറ്റസ് മാർച്ച് സംഘടിപ്പിച്ചു. പ്രകൃതിയോടുള്ള കടമ സ്റ്റാറ്റസുകളിലൂടെ പ്രകടിപ്പിച്ചാണ് പരിപാടി നടത്തിയത്. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനായിട്ടാണ്

പരിസ്ഥിതി ദിന പ്രതിജ്ഞ സാമൂഹിക മാധ്യമങ്ങളിൽ ഫ്ളോറ ക്ലബ് അംഗങ്ങൾ പ്രചരിപ്പിച്ചത്. ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ സാരഥി ഫാ.ജോസ് താമരകാട്ടിന്റെയും സെക്രട്ടറിമാരായ ആനന്ദ് ഗോപിനാഥും മാളവിക രാജേഷിന്റെയും നേതൃത്വത്തിലാണ് പരിപാടി നടന്നത്. കൂടാതെ എല്ലാം ഫ്ളോറ അംഗങ്ങളും പരിപാടിയിൽ പങ്കുചേർന്നു.

അധ്യാപക പരിശീലനം സംഘടിപ്പിച്ചു

നവജ്യോതി കോളേജ് ഐക്യു എസിയുടെ നേതൃത്വത്തിൽ അധ്യാപക പരിശീലന പരിപാടി സംഘടിപ്പിച്ചു. ജൂൺ 17 ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച പരിപാടിയിൽ എംബെയിസ് പ്രോസൂട്ട് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ നാസർ പേരാമ്പ്ര നേതൃത്വം കൊടുത്തു. എംബേസ് ആപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ക്ലാസിൽ ചർച്ച ചെയ്തു. ഐക്യുഎസി കോഡിനേറ്റർ സിംന സ്വാഗതം പറഞ്ഞ പരിപാടിയിൽ കോളേജിലെ എല്ലാ അധ്യാപകരും പങ്കെടുത്തു.

വരൂ മരങ്ങൾ നടാം

അലൻ തോമസ്

നവജ്യോതി കോളേജ് ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ക്യാമ്പസ് പരിസരങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. ജൂൺ 20,21 എന്നീ തീയതികളിൽ ആയിരുന്നു പരിപാടി സംഘടിപ്പിച്ചത്. മുളത്തൈകൾ, ഗുൽമോഹർ തുടങ്ങി വിവിധയിനം വൃക്ഷത്തൈകൾ ആണ് കോളേജ് അങ്കണത്തിൽ നട്ടുപിടിപ്പിച്ചത്. ഫ്ളോറ നേച്ചർ ക്ലബ് സാരഥി ഫാ. ജോസ് താമരക്കാട്ടിന്റെ നേതൃത്വത്തിലാണ് പരിപാടി നടന്നത്. മറ്റു ഫ്ളോറ അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

നവജ്യോതിയുടെ പുതിയ അധ്യാപകർ

ക്യാമ്പസിലെ പ്ലാസ്റ്റിക് മാല്യനങ്ങൾ ശേഖരിച്ച് ഫ്ളോറ

ബീറ്റ് പ്ലാസ്റ്റിക് പൊല്യൂഷൻ എന്ന മുദ്രാവാക്യവുമായി പരിസ്ഥിതി ദിനം ആചരിക്കുന്ന ജൂൺ അഞ്ചിന് ഫ്ളോറ നേച്ചർ ക്ലബ്ബ് അംഗങ്ങൾ ക്യാമ്പസിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചുകൊണ്ട് ബീറ്റ് പ്ലാസ്റ്റിക് പൊല്യൂഷൻ ക്യാമ്പെയിനിൽ പങ്കാളികളായി. ഫ്ളോറ അംഗങ്ങൾ ക്ലാസ്സിന് ശേഷം ഒരുമിച്ചു കൂടുകയും ക്യാമ്പസിലെ എല്ലാ ഭാഗങ്ങളും ശുചിയാക്കുകയും ചെയ്തു.



ഫ്ളോറ അംഗങ്ങൾ മാലിന്യങ്ങൾ ശേഖരിക്കുന്നു

ഹരിത ക്യാമ്പസ് പ്രോഗ്രാം

ഉപയോഗശൂന്യമായ പേനകൾ കൈമാറി

ഹരിത ക്യാമ്പസ് പ്രോഗ്രാമിന്റെ ഭാഗമായി ബി.ബി.എ. ഡിപ്പാർട്ട്മെന്റ് ക്യാമ്പസിൽ സ്ഥാപിച്ചിരിക്കുന്ന പെൻ ഫ്രണ്ട് ഇന്ന് ക്യാമ്പസിലെ എല്ലാവരുടെയും സുഹൃത്ത് ആണ്. വിദ്യാർത്ഥികൾ പെൻ ഫ്രണ്ടിൽ നിക്ഷേപിച്ച ഉപയോഗശൂന്യമായ പേനകൾ പരിസ്ഥിതി ദിനാചരണത്തോട് അനുബന്ധിച്ച് ബിബിഎ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ശേഖരിക്കുകയും ചെറുപുഴ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനക്ക് കൈമാറുകയും ചെയ്തു.

ബി.ബി. എ. ഡിപ്പാർട്ട്മെന്റ് തലവൻ ഷിജോ, കോളജ് ബർസാർ ഫാ. ജ്യോതിസ് എന്നിവരും ബിബിഎ വിഭാഗം അധ്യാപകരും വിദ്യാർത്ഥികളും ഇതിൽ പങ്കെടുത്തു. ഉപയോഗശൂന്യമായ പേനകൾ നിക്ഷേപിക്കുന്നതിനുള്ള ഒരു മികച്ച സംവിധാനം തന്നെയായിരുന്നു പെൻ ഫ്രണ്ട് ബോക്സ്. ഇതിലൂടെ ആവശ്യം കഴിഞ്ഞ പേനകൾ കുട്ടികൾ അലക്ഷ്യമായി വലിച്ചെറിയാതെ പെൻ ഫ്രണ്ട് ബോക്സിൽ കൃത്യമായി നിക്ഷേപിച്ചു.

ലഹരി വിരുദ്ധ ബോധവൽക്കരണവുമായി എൻഎസ്എസ്

ലഹരി ഉപയോഗം വർധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്കായി ഓൺ ലൈനായി ലഹരി വിരുദ്ധ ബോധവൽക്കരണവുമായി എൻ എസ് എസ്. ജൂൺ 26 തിങ്കളാഴ്ച നടത്തിയ വെബിനാർ എൻ എസ്എസ് പ്രോഗ്രാം ഓഫീസർ അൻസോ ജെയിൻ ഉദ്ഘാടനം ചെയ്തു. എൻഎസ്എസ് വാളന്റിയർ ക്രിസ്റ്റി സി. ജെ വെബിനാർ നയിച്ചു. എൻഎസ്എസ് സെക്രട്ടറി അശ്വതി രാജേഷ് പരിപാടിയ്ക്ക് നന്ദി പറഞ്ഞു. 25 എൻഎസ്എസ് വാളന്റിയർമാർ പരിപാടിയിൽ പങ്കെടുത്തു.



കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു

പ്ലസ്ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായി നവജ്യോതി കോളേജ് അഡ്മിഷൻ സെല്ലിന്റെ നേതൃത്വത്തിൽ ജൂൺ ഇരുപത്തിയഞ്ചാം തിയതി കരിയർ ഗൈഡൻസ് പ്രോഗ്രാം നടത്തപ്പെട്ടു.

നവജ്യോതി കോളേജിലെ വിവിധ ഡിഗ്രീ പ്രോഗ്രാമുകൾ, കോളജിൽ നടത്തപ്പെടുന്ന വിവിധ ആഡ് ഓൺ കോഴ്സുകൾ, അവയുടെ സാധ്യതകൾ, ജോലി അവസരങ്ങൾ എന്നിവയെക്കുറിച്ച് ലേൺഫോളിയോ എജുക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് സിഇഒ സക്കറിയ തൊടങ്കൽ ക്ലാസ്സ് എടുത്തു. ക്ലാസ്സിനോടൊപ്പം കരിയർ കൗൺസലിങ്ങും നൽകി.

ആസ്വാദനക്കുറിപ്പ് മത്സരവുമായി കോമേഴ്സ് ഡിപ്പാർട്ട്മെന്റ്

വായനാദിനാചരണത്തിന്റെ ഭാഗമായി ജൂൺ 19 തിങ്കളാഴ്ച രാവിലെ 11 മണിക്ക് കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ആസ്വാദനക്കുറിപ്പ് മത്സരം സംഘടിപ്പിച്ചു. 21 വിദ്യാർത്ഥികൾ മാറ്റുരച്ച മത്സരത്തിൽ ബികോം ഫിനാൻസ് മൂന്നാംവർഷ വിദ്യാർഥി ബിൽബിൻ അലക്സ് ഒന്നാം സ്ഥാനവും ബികോം ഫിനാൻസ് രണ്ടാം വർഷ വിദ്യാർത്ഥി മുഹമ്മദ് സമീഹ് എം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കൊമേഴ്സ് വിഭാഗം അധ്യാപിക സില്ലു ജോൺ മത്സരത്തിന് നേതൃത്വം കൊടുത്തു.

ഏകദിന ക്യാമ്പ് സംഘടിപ്പിച്ച് ലീപ്

നവജ്യോതി കോളജിന്റെ സാമൂഹിക സേവനത്തിന്റെ ഭാഗമായി ജൂൺ ഇരുപത്തിനാലാം തീയതി സ്കൂൾ കുട്ടികൾക്കായി ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ഇരുപതോളം കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ ഗെയിമുകളും, കലാപരിപാടികളും ബോധവൽക്കരണ ക്ലാസുകളും നടത്തപ്പെട്ടു. ലീപ് കോർഡിനേറ്റർ ഫാ. ജ്യോതിസ്സിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്യാമ്പിൽ ക്ലാസ്സുകൾക്കും മറ്റ് പ്രോഗ്രാമുകൾക്കും നവജ്യോതി കോളജ് അധ്യാപകരായ ഷിജോ, നീതു തങ്കച്ചൻ എന്നിവർ നേതൃത്വം നൽകി.

വിദ്യാർത്ഥികൾക്കായി സൗജന്യ ലിങ്കിടിൻ പ്രീമിയം അക്കൗണ്ട്

നവജ്യോതി കോളേജ് ഐക്യു എസ്സി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ലിങ്കിടിൻ ട്രെയിനിങ്ങും ആറു മാസത്തേക്ക് സൗജന്യ ലിങ്കിടിൻ പ്രീമിയം അക്കൗണ്ട് ഉറപ്പാക്കുകയും ചെയ്തു. ജൂൺ 20 ചൊവ്വാഴ്ച രാവിലെ ആരംഭിച്ച പരിപാടിയിൽ വിവിധ സെഷനുകളിലായി എല്ലാ വിദ്യാർത്ഥികളും പങ്കെടുത്തു. ധരണി, ശ്രേയ (ഫെയ്സ് പ്രപ് ഇൻസ്റ്റിറ്റ്യൂഷൻ) തുടങ്ങിയവർ ക്ലാസുകൾ കൈകാര്യം ചെയ്തു.



വായനവാരത്തിൽ പുസ്തക വായന മത്സരവുമായി ബിബിഎ



വായനാദിനത്തിൽ പുസ്തക വായന മത്സരവുമായി ബിബിഎ ഡിപ്പാർട്മെന്റ് ക്ലബ് ആൽഫ മാനേജ്മെന്റ്. ജൂൺ 23 വെള്ളിയാഴ്ച രാവിലെ 10: 30 ന് ആരംഭിച്ച പരിപാടിയിൽ 32 വിദ്യാർത്ഥികൾ മത്സരിച്ചു. മൂന്നാം വർഷ ബിബിഎ വിദ്യാർത്ഥി സ്റ്റെജിൻ സെബാസ്റ്റ്യൻ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. ആൽഫ മാനേജ്മെന്റ് ക്ലബ് കോഡിനേറ്റർ തെരേസ വി റോയ് പരിപാടിക്ക് നേതൃത്വം വഹിച്ചു.

നേട്ടങ്ങളിലൂടെ....

M. Phil in Management

Bharathidasan University, Thiruchirappalli, Tamilnadu.
Score 88%,
Grade O outstanding.

നവജ്യോതി കോളജിൽ ആരംഭിക്കുന്ന
മലയാളം സാഹിത്യ സമാജത്തിൽ ചേരാൻ താൽപ്പര്യം ഉള്ള വിദ്യാർഥികൾ
9645963536 എന്ന **WhatsApp** നമ്പറിലേക്ക് നിങ്ങളുടെ പേര്, ക്ലാസ്സ് എന്നിവ ഉടൻ അയക്കുക.

For private circulation only

പ്രിന്റ് ആൻഡ് പബ്ലിഷർ: നവജ്യോതി കോളേജ്, ചെറുപുഴ | **ചീഫ് എഡിറ്റർ**: നീതു തങ്കച്ചൻ | **എഡിറ്റർ ഇൻ ചാർജ്**: അതുൽ കെ. ആർ | **സബ് എഡിറ്റേഴ്സ്**: ജുമാന ഹസ്സീൻ .എ, അലൻ തോമസ്, മുഹമ്മദ് മിൻഹാജ്, അതുൽ കെ. ആർ, ഏബൽ ഷാജി, റിലൻ ജോയ്, സുഭഗ സുഭാഷ്, ആദർശ് മാത്യു | **ഡിസൈൻ**: അതുൽ കെ. ആർ